# കവിതകൾ



ബി.കെ. ശോഭാദേവി, തിരുവനന്തപുരം

# കവിതകൾ

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

# ആമുഖം

സർഗാത്മകതയുടെ കാലുഷ്യങ്ങൾക്കും അപ്പുറത്ത് നിലകെള്ളുന്ന, തികച്ചും മൗലീകമായ പ്രതലങ്ങളി ലൂടെയുള്ള ഒരു സഞ്ചാരവും അന്വേഷണവും ആണ് ഇതിലെ കവിതകൾ. ഒരു നദി പല വഴികളി ലൂടെ സഞ്ചരിച്ച് സമുദ്രത്തിൽ ലയിക്കുന്നതുപോലെ വക്തി തന്റെ ജീവിതാനുഭവങ്ങളിൽ കൂടി താൻ നേടിയ അറിവിന്റെ വെളിച്ചത്തിലേക്ക് പല ഋതുക്കളിലൂടെ ഇവിടെ സഞ്ചരിക്കുകയാണ്. ഈ സഞ്ചാരത്തിന്റ ആകെ തുക ഇതിലടങ്ങിയ സ്നേഹത്തിന്റെ തണലാണ്. സംസാര സാഗരത്തിനും മീതെ പറക്കുന്ന ഏതൊരു പക്ഷിയുടേയും വെളിച്ചത്തിലേയ്ക്കുള്ള പ്രയാണവും ധ്യാനവുമാണ്. ഏല്ലാ അറിവുകളും സാർത്ഥകമാവുന്നത് ഉള്ളിലെ വെളിച്ചം മററെരാളുടെ അനുഭവ മണ്ഡല ങ്ങളിലേയ്ക്ക് പകരുമ്പോഴാണ്. ഒരിക്കലും കെടാത്ത ഒരു ദീപശിഖ പോലെ, സ്നേഹത്തിന്റെ സാമിപ്യം ഈ കവിതകളിലൂടെ കിട്ടുമെന്ന് ആശിക്കുന്നു.

# കവിതകൾ


ജന്മം.....................................................4

പരിണാമം.................................................5

ആത്മപരമാത്മാ സംഗമം..........................................6

സ്നേഹം...................................................7

ആര് ആർക്ക് അഭയം............................................8

ആബുവിലെ മഴ.................................................9

ദർശനം..................................................10

അനുഭൂതി................................................11

മിന്നൽ..................................................12

ഭഗവത് സാന്നിദ്ധ്യം..........................................13

ശിവനും ഭക്തയും.............................................14

# ജന്മം

വരിക പോകുക എന്നതല്ലോ ഈ ജീവിതം
ആരുമേ തങ്ങുന്നില്ല ഒരിടത്തും എന്നെന്നേയ്ക്കുമായ്
ആരുമേ പോകുന്നില്ല ഒരിടത്തോട്ടു മാത്രമായ്.....
ജന്മമോരോന്നിലും ബന്ധവും മാറുന്നെല്ലാർക്കുമേ

ദേഹിയോ ജന്മമെടുക്കുന്നൊരു ദേഹത്തിൽ
തൻ കർമ്മ സംസ്ക്കാരം പോൽ വിവിധ ദേഹങ്ങളിൽ
വിവിധബന്ധങ്ങളിലോരോയിടത്തായ്
ജന്മത്തിൽ സുഖദു:ഖത്തിനാധാരമേ ഈ സംസ്ക്കാരമല്ലോ,
തൻ കർമ്മമല്ലോ
പല പല വേഷഭൂഷാധികളണിഞ്ഞു
ഭാവങ്ങൾ പലതുൾക്കൊമ്മു നാടകം അരങ്ങേറവേ
കമ്മു ഞാൻ എനിക്കു ചുറ്റും എന്നെ ചിരിപ്പിച്ചോരെ, കരയിച്ചോരെ
പിന്നെ ഞാൻ ചിരിപ്പിച്ചും കരയിച്ചും വേദനിപ്പിച്ചോരെ

സത്യമായതുൾക്കൊള്ളാതെ നിത്യമാം ആനന്ദം
മൃഗതൃഷ്ണപോലാകുന്നീ വൈവിധ്യ ജീവിതത്തിൽ
നിത്യമാം സത്യമറിയുവരേയുമേ
ഇതിനൊരറുതി വരിക്കുന്നുമില്ലവൻ

ഞാനൊകു സൂക്ഷ്മമാം ദേഹിയാണീ ദേഹമല്ല
പരമാത്മാവാം ശിവനല്ലോ എൻ താതൻ
എൻ ഗേഹമോ അങ്ങുയരെ പരംധാമമല്ലോ
ബ്രഹ്മസത്യം മനസ്സിലാക്കിയോൻ ബ്രാഹ്മണനല്ലോ...

# പരിണാമം

നിശ്ചലത്വം വരിക്കും മനസ്സാദ്യം നിശ്ചിന്തമാകേണം
നിശ്ചിന്തമാകുന്നോരുള്ളം ഏകാന്തമാകുന്നു
ഏകാന്തപ്രിയനോ ഏകരസ ഭരിതനായിടും
ഏകരസം നുകരുന്നോൻ ഏകത്വത്തിലെത്തീടും.

ഏകത്വത്തിലെത്തിയോൻ ഏകനിൽ ലയിച്ചീടും
ലയനം ഏകനിൽ എത്തിയാലോ ജന്മം സഫലമായിടും
ഏകത്വമാർജ്ജിക്കുന്നോൻ വിവിധമുൾക്കൊള്ളും
അവനല്ലോ വിധാതാവിൻ വലംകൈ ആവുന്നതും....

വിധാതാവിൻ വിധേയനവനല്ലോ
പാരിൻ ദേവനായ് പൂജിപ്പതും
ദേവത്വത്തിലെത്തിച്ചതിന്നാധാരമോ
വിധാതാവിനോടുള്ള അദമ്യസ്നേഹവും.

# ആത്മാപരമാത്മാ സംഗമം

ഓർക്കുന്നു ഞാൻ നിന്നെ എന്നിലൂടെ
ഞാനാരെണെന്നറിയും ബോധത്തിലൂടെ
നിന്നെയും ഞാനിന്നറിയുമ്പോൾ
സുഖദു:ഖത്തിൻ യവനിക താഴ്ത്തി ഞാൻ (ഓർക്കുന്നു)

എന്നിലെ ഞാനിന്നുണർന്നു
നിന്നിലെ ഭാവങ്ങൾ എന്നിലലിഞ്ഞു
എന്നിലെ ഞാനും എല്ലാമായ നീയും–
ഇന്നൊന്നായപോലായ് ത്തീർന്നു... (ഓർക്കുന്നു)

നിൻ രൂപവും ഭാവവും ഞാനുൾക്കൊണ്ടു
നീ എന്നില്ലിലാഞ്ഞാൽ ഒന്നുമേയല്ല ഞാനെന്നും
നിന്നോർമ്മ എന്നുള്ളിൽ ഉണ്ടെങ്കിലോ
വിശ്വത്തെ വെല്ലാനും നിമിഷം മാത്രം.. (ഓർക്കുന്നു)

# സ്നേഹം

ഒരു കൊച്ചു സങ്കല്പമായെങ്കിൽ ഞാൻ
നിൻ മനസ്സിൻ ഒരു കോണിൽ തങ്ങിയേനെ
ഒരു കൊച്ചു നാദമായ് തീർന്നെങ്കിൽ ഞാൻ
നിൻ നിശബ്ദതയിൽ സ്വയം അലിഞ്ഞേനെ

എന്നുള്ളിൽ നീ മാത്രമായെങ്കിലോ
നിൻ ഭാവങ്ങളെന്നിൽ പകർന്നേനെ
ഭാവങ്ങളെല്ലാം  ഒന്നിക്കിലോ
ഞാനും നിന്നെപ്പോലായേനെ

ബ്രഹത്താം നിൻ ഹൃത്തിലെത്തിയാലോ
ആ സ്നേഹത്തിൽ സാന്ത്വനം ആയേനെ
ചിപ്പിതൻ ഉള്ളിലെ മുത്തുപോലെൻ സ്നേഹം
നിന്നുള്ളിൽ മാത്രമിരുന്നേനെ

# ആര് ആർക്ക് അഭയം

ഈശ്വരനാണെനിക്കെല്ലാം എന്നുകരുതുന്നോരും
ചിന്തിക്കുന്നെപ്പോഴും അന്ത്യത്തിൽ ആരാണെനിക്കഭയം
പാവങ്ങൾ അവരറിയുന്നേയില്ല തൻ ജന്മരഹസ്യങ്ങൾ
യാദൃശ്ചികമായി വന്നു ചേരുന്നതേയല്ലയൊന്നും

ജന്മജന്മാന്തരങ്ങളിൽ നിമിഷങ്ങൾ ഒരോന്നും
വന്നുപോകുന്നു മുൻ നിശ്ചയപ്രകാരം പോൽ
വിട്ടുവീഴ്ചകൾ യാതൊന്നുമില്ലാതെ ഓരോ ജന്മത്തിലും
ഭവിക്കേണ്ടതുപോലതു വന്നുചേരും

സദാ നമ്മോടൊപ്പം ഈശ്വരൻ ഉണ്ടെന്നതു സത്യം
എങ്കിൽ എന്തിനായ് കേഴേണമെന്നതോർക്കുക നാം
ഭവിപ്പതെന്തായാലുമത് സ്വീകരിക്കേണമാമോദത്തോടെ
ഈശ്വരനറിയാതെയല്ല ഭവിപ്പതൊക്കെയും

കർമ്മത്തിൻ ഗതിവിഗതികളതു വരുമെന്നതു നിശ്ചയം
കർമ്മഫലത്തോടെയല്ലോ ജന്മമെടുപ്പതും നാമെല്ലാം
ജ്ഞാനത്തിൻ ഊന്നുവടി താങ്ങായ് തീരേണമെന്നും
സാന്ത്വനമായ് തീരണം നാം നമുക്കുതന്നെ

# ആബുവിലെ മഴ

വന്നു............ ഞാനീ പാവനധരണിയിൽ
ആബുവാം ബാബയിൻ ഹൃത്തിൽ
എൻ ബാബതൻ വരദാന ഭൂവിൽ
പീലി വിടർത്തി നർത്തനമാടുമൊരു മയിലായ്

ഉത്തുംഗ ശൃംഗങ്ങൾ എന്നെ വരവേറ്റു
മലയിലെ മഴ പനിനീർ തളിച്ചു
നാനാ വർണ്ണങ്ങളിൻ പുഷ്പവൃഷ്ടി നടന്നു
സഫലതയിൻ തലോടലനുഭവിച്ചെങ്ങും

പെരുമഴ കൊടുമുടികളെ മറച്ചു സുതാര്യമായി
കുതിച്ചൊഴുകി പൊട്ടിച്ചിരിച്ചു താഴെ പതിച്ചു ജലധാരകൾ
കാറ്റിൻ ദ്രുത താളം പിടിക്കും വൻ വൃക്ഷങ്ങൾ
കാണാമെങ്ങും ആബുവിൻ ശോഭ.... ഗംഭീരത

കൊട്ടാരസദൃശമാം ഭവനഗോപുരങ്ങൾ
മലനിരകളെ വെല്ലുമാറുയരത്തിൽ കാണാം
ബാബതൻ കൊടി പാറിപ്പറക്കുന്നതിൻ നെറുകയിൽ
അതിനുള്ളിലോടി നടക്കുന്നു ബാബതൻ കൺമണികൾ

വെണ്മേഘങ്ങൾ ധരണിയിൽ വന്നപോൽ
വെൺവസ്ത്രധാരിയാം മാലാഖമാരൊഴുകുന്നു
എങ്ങും ശാന്തിയുടെ, ശബ്ദമില്ലായ്മയുടെ മണിമുഴക്കം
തിളങ്ങി അബു ഭൂവിലെ സ്വർഗ്ഗമായ്

# ദർശനം

കാറെറൊന്നു വീശി മെല്ലെ കേട്ടൂ മർമരം
ഞാൻ കരുതി നീ വന്നെൻ അരികിലൊരു പാൽ പുഞ്ചിരിയായ്
കണ്ടില്ലവിടെങ്ങും നിന്നെ
കണ്ടില്ലവിടെങ്ങും നിന്നെ

മഴയൊന്നു പെയ്തു പയ്യെ വീണൂ നീർത്തുള്ളി
ഞാൻ കരുതീ നീ വന്നെന്നെ തൊട്ടൂ തണുപ്പായ്
കണ്ടില്ലവിടെങ്ങും നിന്നെ
കണ്ടില്ലവിടെങ്ങും നിന്നെ

മിന്നൽ വന്നൊന്നു മിന്നി പരന്നൂ പ്രകാശം
ഞാൻ കരുതീ നീ വന്നെൻ അരുകിൽ പ്രകാശമായ്
കണ്ടില്ലവിടെങ്ങും നിന്നെ
കണ്ടില്ലവിടെങ്ങും നിന്നെ

കേട്ടൂ നിൻധ്വനി കാററുപോൽ
അറിഞ്ഞൂ നിൻ സ്പർശനം നീർത്തുള്ളിയായ്
ദർശിച്ചു നിന്നെ പ്രകാശ ബിന്ദുവായ്
ഉള്ളിന്റെ ഉള്ളിൽ കണ്ടൂ
ഭഗവാനെ നിന്നെമാത്രം

# അനുഭൂതി

ഒരു കുഞ്ഞുതെന്നലായ് വന്നു നീ
ഒരു കല്ലോലിനിയായ് ഒഴുകിയെന്നുള്ളിൽ നീ
ഒരു ദിവ്യരാഗംമീട്ടി എൻ ഹൃത്തിൽ നീ
ഒരു നവ ജീവനേകി എനിക്കു നീ

ദർശിച്ചില്ലൊരിക്കലും നിന്നെയെൻ ദൃഷ്ടിയാൽ
ശ്രവിച്ചില്ല നിൻ നാദമെൻ കർണ്ണത്താൽ
സ്പർശിച്ചില്ലൊരിക്കലുമെൻ കരങ്ങളാൽ
എല്ലാമേ അനുഭവിച്ചേൻ സങ്കല്പത്താൽ

ജ്യോതിർ ബിന്ദുവാം എനിക്കിന്നു കിട്ടി
എൻ പരമാത്മാവാം ബിന്ദുരൂപനെ
ആത്മ സ്വരൂപനാം തേജോമയനെ
കാണുന്നൂ നിത്യമെൻ മനക്കണ്ണാൽ

ആത്മാവാം ഞാനൊ പ്രതിഷ്ഠിച്ചു
എൻ മനസാം ശ്രീ കോവിലിൽ നിന്നെ
ഈ സംഗമത്തിൽ കല്പകല്പാന്തരത്തേയ്ക്കായ്
നിറഞ്ഞു കവിയും സ്നേഹവിശ്വാസത്തോടെ

# മിന്നൽ

ആത്മീയ പ്രസരം ചിന്തുന്ന ആ കണ്ണിൻ തണുപ്പിൽ
ലൗകീക അഗ്നിജ്വാലതൻ കണ്ണുകൾ ചിമ്മുന്നു, മങ്ങുന്നു
വെൺനിലാവിറ്റിക്കുമാ പുഞ്ചിരിയിൻ ഹിമ കണങ്ങളേറ്റു–
നീറികിടക്കും ഹൃത്തിനുള്ളിലെ തീയണയുന്നു.

ശംഖധ്വനിയെവെല്ലും വചസിനു മുന്നിൽ
ഹുങ്കാരവങ്ങളെല്ലാമേ നിശബ്ദമായീടുന്നു
വെൺതാമരപോലുള്ളയാ നില്പിലൂടെ
പ്രസരിക്കുന്നതോ ശാന്തിയിൻ ഗഹനമാം അനുഭൂതി.

തിരമാലപോൽ ആർത്തലച്ചീടുന്ന മനമിപ്പോൾ
ഓളം പോലുമില്ലാതെ കുണുങ്ങിയൊഴുകും
ചെറുചോല പോൽ എത്ര സുന്ദരം, ശാന്തം
അറിയുന്നൂ ഞാൻ നിത്യ ശാന്തി തൻ സത്യം.

സന്തോഷ ശബ്ദത്താൽ നിശ്ശബ്ദമാകുന്നോരോ മനവും
സ്നേഹത്തിൻ പുഞ്ചിരി, സൗഹാർദ്ദത്തിൻ കൂപ്പുകൈ
വേദിയിലെത്തിയാ ജ്വാല പതിയെ മറഞ്ഞുപോയ്
ജന്മം അമൂല്യമായീടും ഈ ശാന്തിനേടുകിൽ.

# ഭഗവത് സാന്നിദ്ധ്യം

ആറ്റുനോറ്റിരുന്നാ നിമിഷം വന്നണഞ്ഞു
കൺകുളിർക്കെ കണ്ടു ഞാനെൻ അച്ഛനെ–അമ്മയെ
ചോദിക്കാൻ ഓർത്തോർത്തിരുന്നതൊന്നുമേ ഓർത്തില്ല
മനസ്സിൽ നാനാഭാവങ്ങളിൻ മേളമാത്രം

സ്നേഹമോ സന്തോഷ–സന്താപ സമ്മിശ്രമോ
മനസ്സിൻ വിങ്ങലോ പഞ്ഞിപോൽ ലാഘവമോ
എന്താണ് ചൊല്ലേണ്ടതെന്നറിയില്ല
അവർണ്ണനീയം അനിർവചനീയം അമാനുഷികം

ആ നോട്ടമെൻ മനസ്സിനെ തട്ടിയുണർത്തി
നിശ്ശബ്ദതയിൻ ശബ്ദം കേട്ടെൻ കർണ്ണം കുളിർത്തു
പാൽപുഞ്ചിരിയിലെൻ ഹൃദയം തണുത്തു
രാജകീയമാം ചലനത്തിലെൻ ഭാവി ദർശിച്ചു

കാണെക്കാണേ എൻ കണ്ണുകൾ നിറഞ്ഞൊഴുകി
ഗദ്ഗദം കൊണ്ട് വിങ്ങി വിതുമ്പി
സ്നേഹം സ്നേഹലയനം മുങ്ങിപ്പൊങ്ങിയതിൽ
അതേ നിമിഷം വിഹായസ്സിൽ പറന്നുപൊങ്ങി

സന്തോഷത്തിൻ അശ്രുധാര കെട്ടടങ്ങിയപ്പോൾ
ആ നാദബ്രഹ്മത്തിലെത്തിപ്പെട്ട നേരം
സമയം അതിന്നൊഴുക്കിൻ അനർഗ്ഗളത കാട്ടിയപ്പോൾ
അവർക്കുള്ള മടക്കയാത്രയ്ക്ക് മുഹൂർത്തമായ്

# ശിവനും ഭക്തയും

മൂന്നുലോകങ്ങളും പിന്നിട്ട് മിന്നലായ് വന്നു
ഉജ്ജ്വല തേജസ്സാർന്ന വരനാമെൻ ശിവൻ
അഗ്നിജ്വാലപോൽ ശോഭ പകർത്തവെ
സൂര്യനോ ഒരു കൊച്ചു താരമായ്ത്തീർന്നു

പരമേശ്വര പ്രഭയാൽ വധുവിൻ വദനം തിളങ്ങി
ഈശ്വര പ്രേമത്താൽ നമ്രശിരസ്കയായ് വധു
വന്നു തൻ വരനാം ശിവൻ അരികിൽ
സർവ്വാഭരണ ഗുണവിഭൂഷിതയായ്

പവിത്രമാം പൊന്നുരുക്കിയ താലിയോ
സത്യവും ശുദ്ധിയും ഇഴയാക്കിയ മാലയിൽ കോർത്ത്
ശ്രീമതമാം മന്ത്രോച്ചാരണത്താൽ
മിന്നുകെട്ടി തൻ വധുവാക്കി വിധിപൂർവ്വം ശിവൻ

താളമേളങ്ങളോടെ ഘോഷയാത്രയായ്
വധു വരനൊപ്പം യാത്രയായ് വരഗൃഹത്തിൽ
അഭൗമമാം ശോഭയാർന്ന ആ നിമിഷമോർത്തു
ജന്മങ്ങളിലെല്ലാം ഈ പതിയെന്നെ വധുവാക്കേണമേ